പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*174 — 1.2.2018 ൽ മറുപടിയ്ക്ക്

# ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി പാക്കേജ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27/11/2017 ൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി വിളിച്ചു ചേർത്ത യോഗത്തിൽ വച്ച് ഈ വിഭാഗത്തിന്റെ ആരോഗ്യപരവും, വിദ്യാഭ്യാസപരവും, സാമൂഹികവും ആയ പുനരധിവാസത്തിനായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇക്കാര്യം സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് പാക്കേജിന്റെ കരട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| (ബി) ഏതെല്ലാം വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്; | (ബി) സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ് തുടങ്ങിയവയുടെ പങ്കാളിത്തത്തോടെയാണ് പാക്കേജ് തയ്യാറാക്കുന്നത് |
| (സി) ഇപ്രകാരമുള്ളവരുടെ അസുഖം നേരത്തെ കണ്ടെത്തുന്നതിനും ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) കരട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതി**<br>ബുദ്ധിപരമായ വൈകല്യങ്ങൾ ഉണ്ടാവുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ അവരുടെ പുനരധിവാസം |

വരെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ സമഗ്ര പദ്ധതി തയ്യാറാക്കുന്നത്. അനുയാത്രയുടെ ഭാഗമായി വിവിധ വകുപ്പുകളുടേയും, സ്ഥാപനങ്ങളുടേയും സഹകരണത്തോടെയാവും ഈ പദ്ധതി നടപ്പാക്കുന്നത്. സാമൂഹ്യനീതി വകുപ്പായിരിക്കും ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഈ മേഖലയിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ പുനക്രമീകരിക്കുകയും, അധികമായി വേണ്ടിവരുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയുമാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. താഴെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. **പ്രതിരോധ പ്രവർത്തനങ്ങളും, വൈകല്യങ്ങൾ നേരത്തെ കണ്ടെത്തലും**
2. **പ്രാരംഭ ഇടപെടലുകൾ**
3. **വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**
4. **നൈപുണ്യ വികസനവും, തൊഴിൽപരമായ പുനരധിവാസവും**
5. **സാങ്കേതിക സഹായ സംവിധാനങ്ങൾ ലഭ്യമാക്കൽ**
6. **സാമൂഹ്യാധിഷ്ഠിത പുനരധിവാസം**
7. **ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനങ്ങൾ**

| | |
|---|---|
| | അംഗപരിമിതരുടെ രക്ഷിതാക്കൾ, അവരുടെ പരിപാലകർ, സ്പെഷ്യൽ എഡ്യുക്കേറ്റർമാർ, പൊതുസമൂഹം എന്നിങ്ങനെ വ്യത്യസ്ത വിഭാഗത്തിലുള്ളവർക്ക് പരിശീലന/ബോധവത്കരണ പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വിദഗ്ധർ തുടങ്ങിയവരുമായി ചർച്ച ചെയ്ത് ഈ പദ്ധതിക്ക് അന്തിമ രൂപം നൽകി നടപ്പാക്കുവാൻ ആലോചിക്കുന്നു ണ്ട്. |
| (ഡി) ഇതുസംബന്ധിച്ച് വിവിധ വകുപ്പ പ്രതിനിധികളുടെ യോഗങ്ങൾ ചേരുന്നതിനും ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധർ തുടങ്ങിയവരുടെ ഒരു ശിൽപശാല 21/12/2017 ൽ ചേരുകയും വിവിധ വിഭാഗങ്ങൾ ഗ്രൂപ്പുകളായി നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദേശങ്ങളും ഉൾപ്പെടുത്തിയാണ് കരട് പാക്കേജ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, എന്നിവയു മായി പ്രത്യേക ചർച്ചകൾ ഈ വിഷയത്തിൽ നടത്തിയിട്ടുണ്ട് ആവശ്യമെങ്കിൽ ബന്ധപ്പെട്ടവരുമായി ഇനിയും ചർച്ചകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ